ഭരണഭാഷ-മാതൃഭാഷ

പത്തനംതിട്ട മുനിസിപ്പാലിറ്റി
പിൻ കോഡ്- 689645
GSTIN:32AALM1754B2ZM ഫോൺ നമ്പർ : 0468-2222249
https://pathanamthittamunicipality.lsgkerala.gov.in,
pathanamthittamunicipality2011@gmail.com

നമ്പർ: 908581-2026

തീയതി : 17-10-2026

അടിയന്തിര ലേല/ക്വട്ടേഷൻ നോട്ടീസ്

ശബരിമല മണ്ഡല മകരവിളക്കിനോട് അനുബന്ധിച്ചു നഗരസഭാ വക ഇടത്താവളം പൂർണസജ്ജമാകുന്നതിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ചു ഇടത്താവളത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള താജ് ഷോപ്പിംഗ് ഫെസ്റ്റ്-ന്റെ ഭാഗമായുള്ള താൽക്കാലിക നിർമ്മിതികളായ താജ്മഹൽ മാതൃക, ഷോപ്പിംഗ് ഷെഡുകൾ, പ്ലാറ്റ്ഫോമുകൾ, മറ്റ് അനുബന്ധ നിർമ്മിതികൾ എന്നിവ ഏറ്റെടുത്ത് അടിയന്തിരമായി പൊളിച്ചു **നീക്കുന്ന പ്രവൃത്തി** ചുവടെ പറയുന്ന ലേലം/ വ്യവസ്ഥകൾക്കു വിധേയമായി 2026 **ഒക്ടോബർ മാസം 22 -ാം തീയതി രാവിലെ 11:00 ന് നഗരസഭാ ഓഫീസിൽ വച്ച്** ലേലം ചെയ്യുന്നതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11 വരെ സ്വീകരിക്കുന്നതും ലേലം കഴിഞ്ഞാലുടനെ തുറന്ന് പരിശോധിക്കുന്നതുമാണ്.

ലേലത്തിലോ ക്വട്ടേഷനിലോ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം രാവിലെ 11.00 ന് മുമ്പായി നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യം കെട്ടി വച്ച രസീത് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണ് കൂടുതൽ തുക കൂട്ടി ചെയ്തിരിക്കുന്നത് ആയത് കൗൺസിലിൻറെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ എന്നിവക്കു നിലവിൽ സർക്കാർ /നഗരസഭ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും ഈ പ്രവൃത്തിക്കും ബാധകമാണ്. കൂടുതൽ വിവരങ്ങൾ നഗരസഭാ ഓഫീസിൽ നിന്ന് പ്രവൃത്തി സമയങ്ങളിലും www.tender.lsgkerala.gov.in, www.pathanamthittamunicipality.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണ്

ക്രമ നമ്പർ	ഇനം		അളവ്/എണ്ണം	മൂല്യം	നിരതദ്രവ്യം
1	ജി. ട്യൂബ്	ഐ	1726 കി.ഗ്രാം		
2	എം. പൈപ്പ്.	എസ്സ്	4260 കി.ഗ്രാം		

	പോസ്റ്റ് റാഫ്റ്റർ		8 ലക്ഷം	8,000/-
3	ജി. ഐ ഷീറ്റ്	1665 ച. മീ		
4	അലൂമിനിയം ഷീറ്റ്	282 കി.ഗ്രാം		
5	പ്ലൈവുഡ്	1199 ച. മീ		
6	ഹൈലം ഷീറ്റ്	132 ച. മീ		
7	വാട്ടർ ഫൌണ്ടൻ വിത് മൾട്ടി കളർ സ്റ്റേജ് സ്പോട്ട് ലൈറ്റ്സ്	1 നം		
8	കാറ്റാടി കഴകൾ	110 എണ്ണം		

(മറുപുറം)

-

നിബന്ധനകൾ

1. ലേലം കൈക്കൊള്ളുന്ന ആൾ നഗരസഭയുമായി കരാർ ഉടമ്പടി ഒപ്പു വച്ച് ലേലത്തുക പൂർണ്ണമായി അടവാക്കിയെങ്കിൽ മാത്രമെ ലേലഇനങ്ങൾ ഇടത്താവളത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് അനുവദിക്കുകയുള്ളൂ.

2.നഗരസഭാ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമെ ടി നിർമ്മിതികൾ പൊളിച്ചുമാറ്റുവാൻ പാടുള്ളൂ.

3. പൊളിച്ചുമാറ്റുന്ന പ്രവൃത്തിയ്ക്കാവശ്യമായ തൊഴിലാളികൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലേലക്കാരൻ തന്നെ സ്വീകരിക്കേണ്ടതാണ്.

4. ലേല കൈക്കൊള്ളുന്ന ആൾ 24 മണിക്കൂറിനകം ടി സാമഗ്രികൾ അടിയന്തരമായി നീക്കം ചെയ്ത് ഗ്രൗണ്ട് പൂർവസ്ഥിതിയിൽ ആക്കേണ്ടത് ആണ് .

5. പൊളിച്ചു മാറ്റുന്നതിലൂടെ ലഭിക്കുന്ന സാമഗ്രികൾ യാതൊരു കാരണവശാലും ഇടത്താവളത്തിൽ 24 മണിക്കൂറിനകം സൂക്ഷിക്കുന്നതിന് അനുവദിക്കുകയില്ല. ടി സാമഗ്രികൾ നിശ്ചിത സമയപരിധിക്കപ്പുറം ഇടത്താവളത്തിൽ സൂക്ഷിക്കുന്ന വേളയിൽ അവയ്ക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ലേലക്കാരൻ മാത്രമായിരിക്കും ഉത്തരവാദി.

6. പ്രവൃത്തി നിർവ്വഹണത്തിനിടയ്ക്ക് പൊതുജനങ്ങൾക്കോ സമീപ സ്വത്തുക്കൾക്കോ നിർമ്മിതികൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകാതെയിരിക്കുവാനാവശ്യമായ എല്ലാ വിധ സുരക്ഷാ മുൻകരുതലുകളും ലേലക്കാരൻ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും ക്രമീകരിക്കേണ്ടതാണ്.

7. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ലേല സാമഗ്രികൾ നേരിൽ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ആയത് സംബന്ധിച്ച് പിന്നീട് ഉന്നയിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

8. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ തങ്ങളുടെ മേൽവിലാസം തെളിയിക്കുന്ന രേഖകൾ /ആധാർ ഹാജരാക്കേണ്ടതാണ്.

9. നിരത ദ്രവ്യം നഗരസഭാ ഓഫീസിലുള്ള കാഷ് കൌണ്ടറിൽ നേരിട്ട് അടവാക്കുകയോ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സെക്രട്ടറി, പത്തനംതിട്ട മുനിസിപ്പാലിറ്റി എന്ന പേരിൽ എടുത്തിട്ടുള്ള ഡിമാൻറ് ഡ്രാഫ്റ്റായോ സ്വീകരിക്കുന്നതാണ്.

10. ദി ഗ്രാൻഡ് താജ് ഫെസ്റ്റ് സംഘാടകർ ആയ ശ്രീ നിമിൽ കെ കെ ,വിയോൺ ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് , ടിയാന് നഗരസഭയിൽ അടവാക്കേണ്ട മുഴുവൻ തുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ അടവാക്കുന്ന പക്ഷം ടി ലേല നടപടികൾ റദ്ദാകുന്നതാണ്

10. പുതിയ വ്യവസ്ഥകൾ കൂട്ടി ചേർക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ നഗരസഭക്കു പൂർണ അധികാരം ഉണ്ടായിരിക്കുന്നത് ആണ്

സെക്രട്ടറി

പകർപ്പ്

13/12/26

MUNICIPAL SECRETARY
Pathanamthitta Municipality

1. ഓഫീസ് നോട്ടീസ് ബോർഡ്
2. .....ദിന പത്രങ്ങളിൽ പരസ്യത്തിനായി
3. കളക്ട്രേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസ് നോട്ടിസ് ബോർഡുകളിൽ പരസ്യത്തിനായി
4. തസ്വഭവ വെബ്സൈറ്റുകളിൽ പരസ്യത്തിനായി

PATHANAMTHITTA MUNICIPALITY